# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1458 — 06.03.2020 ലെ മറുപടിക്ക്

**<u>കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നു കഴിഞ്ഞാൽ കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏത് സോഫ്റ്റ് വെയറാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്; ആയതിനു വേണ്ടി വരുന്ന ചെലവ് എത്രയാണ് ; | (എ) | തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം, കണ്ണൂർ, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്, വർക്കല എന്നീ നഗരസഭകളിൽ ഉപയോഗിച്ചു വരുന്ന ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ് വെയർ കോഴിക്കോട്, കൊച്ചി നഗരസഭകളിൽ ഒഴികെ കേരളത്തിലെ മുഴുവൻ നഗരസഭകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. ഇത് നടപ്പിലാക്കുന്നതിന് 3,25,01,635/- രൂപ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഉപയോഗിച്ചിരിക്കുന്ന സങ്കേതം സോഫ്റ്റ് വെയർ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. |
| (ബി) | പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നടത്തിയിട്ടുണ്ട്. ഐ.ബി.പി.എം.എസ്സ്. നടത്തിപ്പ് വിലയിരുത്തുന്നതിന് കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേർന്ന് വരുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ സോഫ്റ്റ് വെയറിലെ പോരായ്മകൾ അവലോകനം ചെയ്യുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത ചട്ടങ്ങൾ നിലവിൽ വരുമ്പോൾ മൂന്ന് സെന്റ് ഭൂമി മാത്രം കൈവശമുള്ളവർ കെട്ടിട നിർമ്മാണത്തിന് അപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | പഴയ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ ഇളവുകൾ പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മൂന്ന് സെന്റ് ഭൂമിയിൽ താഴെ കൈവശമുള്ളവർക്ക് ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**